**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1667** | **01.11.2019-ൽ മറുപടിയ്ക്ക്** |
|---|---|
| **ഉറവിട മാലിന്യ സംസ്കരണ പദ്ധതികൾ** | |
| **ചോദ്യം** | **ഉത്തരം** |
| **ശ്രീ.തോമസ് ചാണ്ടി** | **എ.സി.മൊയ്തീൻ**<br>**തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി** |
| മാലിന്യം വലിച്ചെറിയുന്നത് മൂലം പകർച്ചവ്യാധികൾ പടരാനുള്ള സാദ്ധ്യത കൂടുതലാണെന്ന വസ്തുത കണക്കിലെടുത്ത് ഉറവിട മാലിന്യ സംസ്കരണം ഊർജ്ജിതമാക്കുന്നതിനു വേണ്ടി പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ? | മഴക്കാല പൂർവ്വ ശുചീകരണം (ആരോഗ്യ ജാഗ്രത) - ശുചിത്വമിഷൻ, എൻ.എച്ച്.എം, തനത് ഫണ്ട് എന്നിവ ഉപയോഗിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ എല്ലാ വർഷവും നടത്തി വരുന്നു. ഗ്രാമപഞ്ചായത്തുകളിലെ വാർഡൊന്നിന് 10000/- രൂപ വച്ച് 1597 ലക്ഷം രൂപയും, കോർപ്പറേഷൻ വാർഡൊന്നിന് 20000/- രൂപയും, മുനിസിപ്പാലിറ്റി വാർഡൊന്നിന് 10000/- രൂപ വീതം 395 ലക്ഷം രൂപയും 2019-20 -ൽ അനുവദിച്ചിട്ടുണ്ട്.<br><br>ഉറവിട മാലിന്യ സംസ്കരണത്തിനായി ശുചിത്വ കേരളം (റൂറൽ) ഘടകത്തിൽ 150 ലക്ഷം രൂപയും, ശുചിത്വ കേരളം (നഗരം) ഘടകത്തിൽ 300 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ഇതു കൂടാതെ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ), സ്വച്ഛ് ഭാരത് മിഷൻ (അർബൻ) എന്നീ പദ്ധതി വഴിയും ഉറവിടമാലിന്യ സംസ്കരണം ഊർജ്ജിതമാക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു |

സെക്ഷൻ ഓഫീസർ